മാതൃഭൂമി

Sep 10, 2016

# സ്രാവിൻ കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിന് സംയോജിത ശ്രമം വേണമെന്ന് മത്സ്യത്തൊഴിലാളികൾ



വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സ്രാവ്, തിരണ്ടി വർഗങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്. ആർ.ഐ.) സംഘടിപ്പിച്ച ചർച്ച.

കൊച്ചി: സ്രാവ്, തിരണ്ടി കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിന് സംയോജിത ശ്രമം വേണമെന്ന് മത്സ്യത്തൊഴിലാളികൾ. വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സ്രാവ്, തിരണ്ടി വർഗങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച ചർച്ചയിലാണ് മത്സ്യത്തൊഴിലാളികൾ ഈ നിർദ്ദേശം ഉന്നയിച്ചത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ഈ മത്സ്യയിനങ്ങളെ കുറിച്ച് സി.എം.എഫ്.ആർ.ഐ. തയ്യാറാക്കുന്ന റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെയും വിപണന, കയറ്റുമതി മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായിരുന്നു മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, കയറ്റുമതിക്കാർ, ശാസ്ത്രജ്ഞർ എന്നിവരുടെ സംയുക്ത ചർച്ച സംഘടിപ്പിച്ച സംഘടിപ്പിച്ചത്. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനോട് പൂർണ യോജിപ്പാണെന്ന് യോഗത്തിൽ സംസാരിച്ച മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു. ഇതിനായി ശാസ്ത്രസമുഹവുമായി ചേർന്ന് പ്രവർത്തിക്കാൻ തയ്യാറാണെന്നും മത്സ്യത്തൊഴിലാളികൾ വ്യക്തമാക്കി. കുഞ്ഞുമത്സ്യങ്ങളെ വർധിച്ച തോതിൽ പിടിച്ചത് വഴി സ്രാവ്, തിരണ്ടി മത്സ്യങ്ങളിൽ ഗണ്യമായ കുറവ് വന്നതായി സി.എം.എഫ്.ആർ.ഐ.യുടെ പഠനത്തിൽ കണ്ടെത്തിയിരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളിൽ നിന്ന് വിട്ടുനിൽക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിൽ വ്യാപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. മത്സ്യത്തൊഴിലാളികളും ശാസ്ത്ര സമൂഹവും സഹകരിച്ചു പ്രവർത്തിച്ചാൽ മാത്രമേ മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗം സാധ്യമാകൂവെന്ന് സി.എം.എഫ്.ആർ.ഐ. യിലെ ഡെമേഴ്സൽ ഫിഷറീസ് ഡിവിഷൻ തലവൻ ഡോ. പി.യു. സക്കറിയ അഭിപ്രായപ്പെട്ടു. മത്സ്യത്തൊഴിലാളി പ്രതിനിധികൾക്ക് പുറമെ, വിപണനം, കയറ്റുമതി രംഗത്തുള്ളവരുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ. രേഖ ജെ. നായർ, ഡോ. ആർ. നാരായണകുമാർ, വൈൽഡ് ലൈഫ് കൺട്രോൾ ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ മാധിവനൻ എ., ഡോ. ടി.എം. നജ്മുദ്ദീൻ എന്നിവർ സംസാരിച്ചു.